# കേരള സർവകലാശാല

നം. പി.ആർ.032/2017 ഫോൺ : 2305738

## പത്രക്കുറിപ്പ്

### സാമൂഹിക ഉച്ചനീചത്വത്തിനെതിരെ പോരാടിയ കർമ്മധീരനായ പോരാളിയായിരുന്നു മഹാത്മ അയ്യങ്കാളിയെന്ന് ശ്രീ. ലെനിൻ രാജേന്ദ്രൻ

നവോത്ഥാന കാലത്തെ സാമൂഹിക ഉച്ചനീചത്വത്തിനെതിരെ പോരാടിയ കർമ്മധീരനായ പോരാളിയായിരുന്നു മഹാത്മ അയ്യങ്കാളിയെന്ന് KSFDC ചെയർമാനും പ്രമുഖ ചലച്ചിത്രകാരനുമായ ശ്രീ. ലെനിൻ രാജേന്ദ്രൻ അനുസ്മരിച്ചു. അയ്യങ്കാളിയുടെ 75-ാം ചരമ വാർഷികത്തോടനുബന്ധിച്ച് കേരള സർവകലാശാലയുടെ അയ്യങ്കാളി ചെയറും ചരിത്രപഠന വകുപ്പും സംയുക്തമായി സംഘടിപ്പിച്ച അനുസ്മരണ പ്രഭാഷണം സെനറ്റ് ചേംബറിൽ ബുധനാഴ്ച (ഫെബ്രുവരി എട്ട്) ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു അദ്ദേഹം. പ്രൊ. വൈസ് ചാൻസിലർ ഡോ. എൻ. വീരമണികണ്ഠൻ അധ്യക്ഷം വഹിച്ച ചടങ്ങിൽ മഹാത്മാഗാന്ധി സർവകലാശാല അദ്ധ്യാപകനും പ്രശസ്ത ചരിത്രകാരനുമായ പ്രൊഫ. ഡോ. പി. സനൽ മോഹൻ അനുസ്മരണ പ്രഭാഷണവും നടത്തി. സിൻഡിക്കേറ്റംഗമായ അഡ്വ. എ.എ. റഹീം ആശംസകൾ നേർന്നു. മഹാത്മ അയ്യങ്കാളി ഹോണററി ഡയറക്ടറും ചരിത്രവിഭാഗം മേധാവിയുമായ ഡോ.വി.സതീഷ് സ്വാഗതം ആശംസിച്ച ചടങ്ങിന് സ്കൂൾ ഓഫ് സോഷ്യൽ സയൻസസ് ഡീനും ഡയറക്ടറുമായ പ്രൊഫ. സുരേഷ് ജ്ഞാനേശ്വരൻ നന്ദി രേഖപ്പെടുത്തി.

(ഫോട്ടോ ഇമെയിൽ ചെയ്തിട്ടുണ്ട്)





(അടിക്കുറിപ്പ്: മഹാത്മ അയ്യങ്കാളിയുടെ 75-ാം ചരമ വാർഷികത്തോടനുബന്ധിച്ച് കേരള സർവകലാശാലയുടെ അയ്യങ്കാളി ചെയറും ചരിത്രപഠന വകുപ്പും സംയുക്തമായി സംഘടിപ്പിച്ച അനുസ്മരണ പ്രഭാഷണം സെനറ്റ് ചേംബറിൽ ശ്രീ. ലെനിൻ രാജേന്ദ്രൻ ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു.)

### പ്രോജക്ട് ഫെലോ, പ്രോജക്ട് അസിസ്റ്റന്റ് : അപേക്ഷ ക്ഷണിച്ചു.

കേരള സർവകലാശാല കാര്യവട്ടം എൻവയോൺമെന്റൽ സയൻസസ് പഠനവകുപ്പിൽ പ്രോജക്ടിലേക്ക് പ്രോജക്ട് ഫെലോ, പ്രോജക്ട് അസിസ്റ്റന്റ് താൽകാലിക നിയമനത്തിന് അപേക്ഷ ക്ഷണിച്ചു. വിശദവിവരങ്ങൾ

വെബ്സൈറ്റിൽ (www.keralauniversity.ac.in) Job Notifications എന്ന ലിങ്കിൽ ലഭിക്കും. അവസാന തീയതി ഫെബ്രുവരി 20.

തിരുവനന്തപുരം. പബ്ലിക് റിലേഷൻസ് ഓഫീസർ

09.02.2017

അംഗീകാരത്തോടെ,

സെക്ഷൻ ഓഫീസർ

e-mail: ku.release@gmail.com website: www.keralauniversity.ac.in

**University information is available on 0471-2305994, 155300 (BSNL Land line), 0471-155300 (from mobile) 0471-2115054 and 0471-2115098**